"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആയുഷ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 2020-21 വർഷം മുതൽ 24.11.2025 വരെ ഔഷധിയിൽ നിന്നും മരുന്നുകൾ/അസംസ്കൃത മരുന്നുകൾ ടെണ്ടർ നടപടികൾ ഇല്ലാതെ വാങ്ങിയ നടപടി സാധൂകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.73/2026/AYUSH തീയതി,തിരുവനന്തപുരം, 06-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 23/2023/എസ്.പി.ഡി തീയതി 27.02.2023
2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 01.08.2024, 21.10.2024, 07.08.2025 തീയതികളിലെ ജി2/873/2024/ഡിഎഎംഇ നമ്പർ കത്തുകൾ
3. സ.ഉ.(സാധാ)നം. 133/2024/SPD തീയതി 25.11.2024

**ഉത്തരവ്**

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 2020-21 വർഷം മുതൽ നാളിതുവരെ ഔഷധിയിൽ നിന്നും മരുന്നുകൾ/അസംസ്കൃത മരുന്നുകൾ ടെണ്ടർ നടപടികൾ ഇല്ലാതെ വാങ്ങിയ പ്രവൃത്തി സാധൂകരിച്ച് നൽകണമെന്നപേക്ഷിച്ചുകൊണ്ട് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2.സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ് ആശുപത്രികളിലെ OP, Special OP, മെഡിക്കൽ ക്യാമ്പുകൾ എന്നിവയ്ക്കായി പ്രതിവർഷം രണ്ട് കോടി രൂപയിലധികം മൂല്യമുള്ള മരുന്നുകൾ അടിയന്തരമായി ആവശ്യമായ സാഹചര്യം നിലനിന്നിരുന്നുവെന്നും ഇ-ടെണ്ടർ നടപടികളിൽ ഉണ്ടാകുന്ന കാലതാമസം മൂലം മരുന്നുകളുടെ ദൗർലഭ്യം സംഭവിക്കാനുള്ള സാധ്യത ഉണ്ടായിരുന്നുവെന്നും, ടെണ്ടർ മുഖാന്തരം ലഭിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം

പരിശോധിക്കാൻ കോളേജുകളിൽ നിലവിൽ മതിയായ സാങ്കേതിക സൗകര്യങ്ങൾ ഇല്ലെന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു. കൂടാതെ, ഔഷധിയിൽ നിന്നുള്ള മരുന്നുകൾക്ക് ഉറപ്പുള്ള ഗുണനിലവാരവും ഏകദേശം 30% വരെ വിലക്കിഴിവും ലഭ്യമാകുന്നതായും, ക്രെഡിറ്റ് അടിസ്ഥാനത്തിൽ മരുന്നുകൾ ലഭിക്കുന്നതിനാൽ രോഗികൾക്ക് തടസ്സമില്ലാതെ മരുന്ന് വിതരണം നടത്താൻ സാധിച്ചതായും ഡയറക്ടർ വ്യക്തമാക്കിയിരുന്നു.

3.പരാമർശം (3) പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ടെണ്ടർ നടപടിക്രമങ്ങൾ കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് 25.11.2024 മുതൽ 24.11.2025 വരെ ഒരു വർഷത്തേയ്ക്ക് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 -ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. 2020-21 മുതൽ 24.11.2024 വരെ ഔഷധിയിൽ നിന്നും നേരിട്ട് മരുന്നുകൾ/അസംസ്കൃത മരുന്നുകൾ വാങ്ങിയ നടപടി സാധൂകരിച്ച് നൽകണമെന്ന ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അപേക്ഷ മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിച്ചു. 2020-21 മുതൽ 24.11.2024 വരെ ഔഷധിയിൽ നിന്നും നേരിട്ട് മരുന്നുകൾ/അസംസ്കൃത മരുന്നുകൾ വാങ്ങിയ നടപടി സാങ്കേതികമായി ചട്ടലംഘനമായിരുന്നുവെങ്കിലും, പൊതുതാൽപ്പര്യവും സേവനാവശ്യകതയും മുൻനിർത്തി സംസ്ഥാന പൊതുമേഖല സ്ഥാപനത്തിൽ നിന്നുമാത്രമായി നടത്തിയിരിക്കുന്നതിനാൽ, പ്രസ്തുത കാലയളവിലെ നടപടിക്ക് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

5.ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കുവാൻ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ആവശ്യമായ ജാഗ്രത പുലർത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SEEMA S

ജോയിന്റ് സെക്രട്ടറി

ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം

പ്രിൻസിപ്പൽ , ഗവ. ആയുർവേദ കോളേജ് തിരുവനന്തപുരം / തൃപ്പൂണിത്തുറ/കണ്ണൂർ (ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) ,കേരള ,തിരുവനന്തപുരം

പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ് (U.O(F) No.SPD-A1/38/2024-SPD തീയതി 05.11.2025

ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (U.O(F) No.3337391/HLT-A3/172/2025-FIN തീയതി

14.12.2025

വെബ് & ന്യൂ മീഡിയ(പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Pradeep R S
Date: 07-02-2026 15:41:19

സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു ആരോഗ്യ വനിത ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്